LIBRARY ARCHIVES Kerala Legislative Assembly

**റേഷൻ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം**

314 (5039) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ രൂപപ്പെടുത്തുവാൻ വിഭാവനം ചെയ്ത വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കാമോ;

&

(സി) ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ച് 17-8-2018-ലെ 420/2018/ ഭ.പൊ.വി.വ., 419/2018/ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ, 417/2018/ ഭ.പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട എന്നിങ്ങനെ നാലു തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ല, താലൂക്ക് തല കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാരുടെ മേൽനോട്ടത്തിൽ റേഷൻകടതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന, ജില്ല, താലൂക്ക് തല കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ**

315 (5040) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയോജനം ഉൾവനങ്ങളിലുള്ള ഏതെല്ലാം പട്ടികവർഗ്ഗ കോളനികൾക്കാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; കൂടുതൽ പട്ടികവർഗ്ഗ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?